**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/08/2026

1) കേരള കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിലുള്ള കഴക്കൂട്ടം ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ നടത്തുന്ന ആറു മാസം ദൈർഘ്യമുള്ള പ്ലാന്റ് ടിഷ്യു കൾച്ചർ ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് 1.04.2026 ൽ 35 വയസ്സിൽ താഴെ പ്രായമുള്ള അഗ്രികൾച്ചർ/ ബയോളജി/ ബോട്ടണി വിഷയങ്ങളോടെ പ്ലസ്ടു / വി.എച്ച്.എസ്.ഇ പാസ്സായിട്ടുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. നിലവിലുള്ള സർക്കാർ സംവരണ വ്യവസ്ഥകൾ ഈ കോഴ്സിനും ബാധകമാണ്. ഈ സർട്ടിഫൈഡ് കോഴ്സിൽ തൊഴിൽ സാധ്യതയുള്ള, സ്വയം

തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ടിഷ്യൂകൾച്ചർ, നഴ്സറി മാനേജ്മെന്റ് എന്നിവയുടെ സാങ്കേതിക വിദ്യകളിൽ ഉള്ള പ്രായോഗിക പരിശീലനം നൽകുന്നു. ഒരു ബാച്ചിൽ 20 പേർക്ക് മാത്രം പ്രവേശനം നൽകുന്ന ഈ കോഴ്സിന് ഫീസ് 4500/- രൂപ ആണ്. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്രതിമാസം 1500/- രൂപ സ്റ്റൈഫന്റോട് കൂടി മൂന്ന് മാസത്തേക്ക് അപ്രെന്റിസ്ഷിപ്പ് ട്രെയിനിംഗും നൽകുന്നതാണ്. അപേക്ഷഫോമും പ്രോസ്പെക്ടസും കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralaagriculture.gov.in ൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 09/09/2026 വൈകിട്ട് 4.30 മണി തിരഞ്ഞെടുത്ത അപേക്ഷകരുടെ ലിസ്റ്റ് 15.09.2026 ന് പ്രസിദ്ധീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470292, 9383470296 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

2) കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി, പടന്നക്കാട്, അമ്പലവയൽ എന്നീ കാർഷിക കോളേജുകളിൽ 2026-27 അധ്യയന വർഷം മുതൽ റിവോൾവിംഗ് ഫണ്ട് രീതിയിൽ അധിക ബാച്ചായി ആരംഭിക്കുന്ന 'ബി.എസ്.സി. (ഓണേഴ്സ്) ഹോർട്ടിക്കൾച്ചർ കോഴ്സിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി 14.09.2026. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക.

3) കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ കോഴിക്കോട് വേങ്ങേരി തടമ്പാട്ടുതാഴത്ത് പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ വിവിധയിനം ഫലവൃക്ഷ തൈകൾ മറ്റ് അനുബന്ധ സാധനങ്ങൾ എന്നിവ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 0495 2935850 / 9188223584 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

4) 2026-27 സാമ്പത്തിക വർഷം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, കേരള **മിഷൻ ഫോർ ഇന്റേഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ (എം.ഐ.ഡി.എച്ച്) പദ്ധതിയിൽ**

a) സംരക്ഷിത കൃഷി എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഫാൻ ആന്റ് പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻ ഹൗസ് സ്ട്രക്ച്ചർ ച.മീറ്ററിന് 900 രൂപ നിരക്കിലും, നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ/റെക്റ്റാംഗുലർ ഗ്രീൻ ഹൗസ് സ്ട്രക്ച്ചർന് ച. മീറ്ററിന് 600 രൂപ നിരക്കിലും ഒരു

ഗുണഭോക്താവിന് പരമാവധി 4000 ച. മീറ്ററിന് ധനസഹായം നല്കുന്നു.

b) പ്ലാസ്റ്റിക് പുതയിടീലിന് ഒരു ഗുണഭോക്താവിന് പരമാവധി 2 ഹെക്ടർ സ്ഥലത്തിനും തണൽവല സ്ഥാപിക്കുന്നതിന് ഒരു ഗുണഭോക്താവിന് ച..മീറ്ററിന് 355/- രൂപ എന്ന നിരക്കിൽ പരമാവധി 4000 ച.മീറ്ററിനു ധനസഹായം നല്കുന്നു.

c) പോളീഹൗസിൽ കൃഷിചെയ്യുന്ന മൂല്യം കൂടിയ പച്ചക്കറി വിളകളുടെ നടീൽ വസ്തുക്കളുടെ ചെലവിനും, കൃഷിയ്ക്കും, ഓർക്കിഡ്, ആന്തൂറിയം കാർണേഷൻ, ജർബറ, റോസ്, ലില്ലി എന്നിവയ്ക്കും ഒരു ഗുണഭോക്താവിന് പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നൽകുന്നു.

d) ഹൈഡ്രോപോണിക്സ് എയറോപോണിക്സ് സംവിധാനത്തിന് പരമാവധി 1000 ചതുരശ്ര മീറ്ററിനും പദ്ധതിയിലൂടെ ധനസഹായം നല്കുന്നു. പോളി ഹൗസിൽ ഉപയോഗിക്കുന്ന സർക്കുലേഷൻ ഫാനുകൾക്കും (പരമാവധി 6 ഫാനുകൾക്ക് ) ധനസഹായം ലഭിക്കും. ഫെർട്ടിഗേഷനുള്ള സെൻസർ അധിഷ്ഠിത ഓട്ടോമേഷനൻ സിസ്റ്റം യൂണിറ്റ്ന് 2 ലക്ഷം രൂപ സബസിഡി നിരക്കിൽ സംരക്ഷിത

കൃഷിയിൽ പരമാവധി 4000 ചതുരശ്ര മീറ്ററിന് ധനസഹായം നല്കുന്നു.

e) പച്ചക്കറി വിളകൾക്കുള്ള പിന്തുണാ സംവിധാനം നടപ്പിലാക്കുന്നതിന്, പക്ഷി പ്രതിരോധ വലകൾക്കുള്ള സ്ഥിരം പിന്തുണാ ഘടന, ഫെൻസിങ് അഥവാ വേലി നിർമ്മിച്ച് കൃഷിയിടം സംരക്ഷിക്കുക എന്നിവയ്ക്ക് ധനസഹായം നല്കുന്നു.

f) പേപ്പർ/നെയ്ത്ത കവർ/പേപ്പർ ബാഗുകൾ മുതലായവ കൊണ്ടുള്ള പഴം/കുലകവർ ഉപയോഗിച്ച് പഴങ്ങൾ സംരക്ഷിക്കുന്നതിന് ധനസഹായം നല്കുന്നു. മേൽ ആനുകൂല്യങ്ങൾ എല്ലാം തന്നെ അതാതു ജില്ലയിലെ ജില്ല ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഇതിനായി അപേക്ഷകർ അതാത് കൃഷി ഭവനുമായി ബന്ധപ്പെടേണ്ടതാണ്.